(ബി) എൽ.ബി.എസ്. സെന്ററിന് സമീപമുള്ള എ.ഇ.ഒ. ആഫീസ് കെട്ടിടം സർവ്വ ശിക്ഷാ അഭിയാൻ കോൺഫറൻസ് ഹാളായി ഇപ്പോൾ ഉപയോഗിക്കുന്നതിനാൽ സെന്റർ ടി ഓഫീസ് കെട്ടിടത്തിലേയ്ക്ക് മാറ്റാൻ നിർവ്വാഹമില്ല.

പുതിയ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

69 (3817) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ വർഷം ഏതെല്ലാം കോഴ്സുകളാണ് ആരംഭിക്കുന്നതെന്നും എത്ര വിദ്യാർത്ഥികളെ വീതമാണ് പ്രവേശിപ്പിക്കുന്നതെന്നും വിശദമാക്കുമോ ;

(ബി) ഈ സ്ഥാപനങ്ങളിലെ അഡ്മിഷൻ രീതി, ഓരോ കോഴ്സിനുമുള്ള ഫീസ് എന്നിവ സംബന്ധിച്ച വിവരങ്ങൾ വിശദീകരിക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സുകൾക്ക് അംഗീകാരം നൽകി ; ഈ കോഴ്സുകൾക്കുള്ള അഡ്മിഷൻ രീതിയും ഫീസ് ഘടനയും എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ ഈ വർഷം 9 അപ്ലൈഡ് സയൻസ് കോളേജുകൾ സ്വാശ്രയാടിസ്ഥാനത്തിൽ ആരംഭിക്കുകയുണ്ടായി. കൂടാതെ അനർട്ടും ഐ.എച്ച്.ആർ.ഡി.യും സംയുക്തമായി ഒരു മോഡൽ റെസിഡൻഷ്യൽ പോളിടെക്നിക്ക് ആരംഭിച്ചിട്ടുണ്ട്. ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, ബി.എസ്.സി. ഇലക്ട്രോണിക്സ്, ബി.കോം. വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ കോഴ്സുകൾക്കാണ് അപ്ലൈഡ് സയൻസ് കോളേജുകളിൽ പ്രവേശനം അനുവദിച്ചിരിക്കുന്നത്. ബി.എസ്.സി. ഇലക്ട്രോണിക്സിന് 193-ഓളം വിദ്യാർത്ഥികളെയും ബി.എസ്.സി. കമ്പ്യൂട്ടർ സയൻസിന് 232-ഓളം വിദ്യാർത്ഥികളെയും ബി. കോം വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷന് 300-ഓളം വിദ്യാർത്ഥികളെയും ബി.എ.ലിറ്ററേച്ചറിന് 30-ഓളം വിദ്യാർത്ഥികളെയും പ്രവേശിപ്പിക്കുന്നതാണ്. മോഡൽ റെസിഡൻഷ്യൽ പോളിടെക്നിക്കിൽ സിവിൽ എഞ്ചിനീയറിംഗ് (വാട്ടർ റിസോഴ്സ് മാനേജ്മെന്റ്), സിവിൽ എഞ്ചിനീയറിംഗ് (എൻവയോൺമെന്റ് സയൻസ്) എന്നീ കോഴ്സുകൾക്ക് 30 വീതം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നു. എൽ.ബി.എസ്. സെന്ററിനു കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ വർഷം പുതിയ കോഴ്സുകൾ ഒന്നും ആരംഭിച്ചിട്ടില്ല. കേരള സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ വർഷം തുടങ്ങിയ കോഴ്സുകളും അനുവദിച്ച സീറ്റിന്റെ എണ്ണവും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എം.ജി സർവ്വകലാശാല, ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നിവിടങ്ങളിൽനിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വാശ്രയ കോഴ്സുകൾക്ക് അതത് സർവ്വകലാശാലകൾ നിശ്ചയിച്ചിട്ടുള്ള പ്രവേശന മാനദണ്ഡം അനുസരിച്ച് മെരിറ്റ് അടിസ്ഥാനത്തിലാണ് ഐ.എച്ച്.ആർ.ഡിയുടെ അപ്ലൈഡ് സയൻസ് കോളേജുകളിൽ പ്രവേശനം നൽകുന്നത്. ബന്ധപ്പെട്ട സർവ്വകലാശാലകൾ സ്വാശ്രയ കോഴ്സുകൾക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ് ആണ് ഐ.എച്ച്.ആർ.ഡി. കോഴ്സുകൾക്ക് ഈടാക്കുന്നത്. എൽ.ബി.എസ്. സെന്ററിനു കീഴിലുള്ള സ്ഥാപനങ്ങളിൽ അഡ്മിഷൻ (എൻ. ആർ.ഐ. ഒഴികെ) എൻട്രൻസ് കമ്മീഷണർ മുഖേനയാണ് നടത്തുന്നത്. കോഴ്സുകൾക്കുള്ള ഫീസ് ഘടന/വാർഷിക ട്യൂഷൻ ഫീസ് താഴെപ്പറയുന്ന വിധമാണ്

	മെരിറ്റ് സീറ്റ്	മാനേജ്മെന്റ്	എൻ.ആർ.ഐ.
ബിടെക്	20000	65000	100000
എം.സി.എ	7000	38500	—

കേരള സർവ്വകലാശാലയുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ അഡ്മിഷൻ രീതിയും കോഴ്സിനുള്ള ഫീസും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതു പ്രകാരമാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഐ.എച്ച്.ആർ.ഡിയുടെ സ്വാശ്രയ കോളേജുകളിൽ താഴെപ്പറയുന്ന പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിൽ

1. മോഡൽ എഞ്ചിനീയറിംഗ് കോളേജ്, എറണാകുളം

   ബി.ടെക് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്

   എം.ടെക് വി.എൽ.എസ്.ഐ. & എംബഡെഡ് സിസ്റ്റം

2. എഞ്ചിനീയറിംഗ് കോളേജ്, ചെങ്ങന്നൂർ

   ബി.ടെക് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്

അപ്ലൈഡ് സയൻസ് കോളേജുകളിൽ നിലവിലുള്ള അടൂർ, തൊടുപുഴ, വാഴക്കാട്, വടക്കഞ്ചേരി, പട്ടുവം കോളേജുകളിൽ ബി.കോം വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച പയ്യന്നൂർ, മാനന്തവാടി, കുണ്ടറ, കുഴൽമന്ദം, തിരുവമ്പാടി, മലമ്പുഴ, ചേലക്കര, ധനുവച്ചപുരം, ഇരിട്ടി, നീലേശ്വരം, പിണറായി, അഗളി, മുതുവല്ലൂർ, കാഞ്ഞിരപ്പള്ളി, നെടുങ്കണ്ടം, കാന്തള്ളൂർ, പുത്തൻവേലിക്കര എന്നീ കോളേജുകളിൽ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, ബി.എസ്.സി ഇലക്ട്രോണിക്സ്, ബി.കോം വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സും ആരംഭിച്ചിട്ടുണ്ട്. കൂടാതെ മോഡൽ കോളേജ് നീലേശ്വരത്ത് ബി.എ. ലിറ്ററേച്ചർ കോഴ്സും ആരംഭിച്ചിട്ടുണ്ട്. മോഡൽ റെസിഡൻഷ്യൽ പോളിടെക്നിക്കിൽ സിവിൽ എഞ്ചിനീയറിംഗ് (വാട്ടർ റിസോഴ്സ് മാനേജ്മെന്റ്), സിവിൽ എഞ്ചിനീയറിംഗ് (എൻവയോൺമെന്റ് സയൻസ്) എന്നീ കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്. ബി.ടെക് കോഴ്സിന്

LIBRARY ARCHIVES Kerala Legislative Assembly

പ്രവേശന കമ്മീഷണർ/സർക്കാർ നിശ്ചയിക്കുന്ന ഫീസിനും മാനദണ്ഡത്തിനും വിധേയമായി പ്രവേശനം നൽകുന്നു. മറ്റു കോഴ്സുകൾക്ക് യൂണിവേഴ്സിറ്റി സ്വാശ്രയ കോഴ്സുകൾക്ക് നിശ്ചയിച്ചിട്ടുള്ള ഫീസിനും മാനദണ്ഡത്തിനും വിധേയമായി പ്രവേശനം നൽകുന്നു. എൽ.ബി.എസ്. സെന്ററിനു കീഴിലുള്ള കാസർഗോഡ് എഞ്ചിനീയറിംഗ് കോളേജിൽ 2008-09 അധ്യയന വർഷം മുതൽ ബി.ടെക് (സിവിൽ എഞ്ചിനീയറിംഗ്) കോഴ്സ് ആരംഭിച്ചിട്ടുണ്ട്. കേരളാ സർവ്വകലാശാലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വാശ്രയ കോളേജുകൾ തുടങ്ങിയ പുതിയ കോഴ്സുകളുടെ വിശദവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

70 (3818) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇവയുടെ എണ്ണം 2006 മേയ് മാസത്തിൽ എത്രയായിരുന്നു ;

(സി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം, മെഡിക്കൽ, ദന്തൽ, എഞ്ചിനീയറിംഗ്, നേഴ്സിംഗ്, ആയുർവേദം, ഫാർമസി, ഹോമിയോ, ലോ, മാനേജ്മെന്റ്സ ആർട്സ് & സയൻസ് എന്നിവ ഇനം തിരിച്ച് നൽകുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഉന്നതവിദ്യാഭ്യാസം തേടി അന്യ സംസ്ഥാനങ്ങളിലേക്ക് പോകുന്നവരുടെ എണ്ണം കുറയ്ക്കാൻ നടപടി

71 (3819) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നതവിദ്യാഭ്യാസം തേടി അന്യസംസ്ഥാനങ്ങളിലേക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറയ്ക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) അന്യസംസ്ഥാനങ്ങളിൽ ഉപരിപഠനത്തിനായി ഓരോ വർഷവും പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly